LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : സർ, ഞാൻ പറഞ്ഞത് സ്പീക്കറുടെ നടപടിയെ ചോദ്യം ചെയ്തോ, കുറ്റപ്പെടുത്തിയോ അല്ല. ഞാൻ പറഞ്ഞത്, ചട്ടപ്രകാരം ആണെങ്കിൽ അതുശരി. നാളെ മറുപടി പറയാം, ഇന്ന്.....(ബഹളം)..... എന്നാൽ പിന്നെ സംസാരിക്കണ്ട. നിങ്ങൾ കുറെപേർ ഒച്ചയുണ്ടാക്കിയാൽ സംസാരിക്കണ്ട എന്നാണോ? അങ്ങനെയൊന്നും പേടിപ്പിക്കാതെ....(ബഹളം).....; അങ്ങനെയൊന്നും നിയമസഭ കൊണ്ടുപോകാൻ പറ്റില്ല. ഞാൻ സംസാരിക്കണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് സ്പീക്കറാണ്. ഭരണകക്ഷിയിലെ അംഗങ്ങൾ എന്നെ ഒച്ചയുണ്ടാക്കി ഇരുത്തണ്ട. അതു നടക്കില്ല. ആ ഏർപ്പാട് വേണ്ട. ഞാൻ ആദ്യം എന്താണ് പറഞ്ഞത്? ചട്ടപ്രകാരം ആണെങ്കിൽ വിരോധമില്ല. പക്ഷെ നാളെ സബ്മിഷൻ അവതരിപ്പിക്കാമെന്നും മറുപടി പറയുമെന്നും പറഞ്ഞതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇന്ന് കേരളത്തിൽ അസാധാരണമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. ഇന്ന് കേരളത്തിലെ ഒരു പ്രത്യേക മതവിഭാഗത്തിന്റെ വിദ്യാലയങ്ങളെല്ലാം അടച്ചിട്ടിരിക്കുന്നു. അതിനു നാളെ മറുപടി പറയാമെങ്കിൽ ആ നാളെ എന്നുള്ളത് വിദ്യാഭ്യാസ മന്ത്രിക്ക് ഇന്നും മറുപടി പറയാം എന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ചട്ടത്തെക്കുറിച്ചല്ല പറഞ്ഞത്. ഇന്ന് മന്ത്രി ഹാജരായിട്ടും നാളെ മറുപടി പറയുക എന്നത് എന്റെ അഭിപ്രായത്തിൽ ശരിയായ നടപടിയല്ല. അതാണ് ഞാൻ പറഞ്ഞത്.

പ്രിവിലേജസ് കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. ടി.കെ. ഹംസ : പ്രിവിലേജസ് കമ്മിറ്റിയുടെ 10-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

പിന്നോക്ക സമുദായക്ഷേമ സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : പിന്നോക്കസമുദായക്ഷേമ സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII. ക്രമപ്രശ്നം

പ്രിവിലേജസ് കമ്മിറ്റിയുടെ മിനിട്സ് കമ്മിറ്റി അംഗങ്ങൾക്ക് നൽകുന്നതു സംബന്ധിച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ..

മി. സ്പീക്കർ : അങ്ങ് എഴുതിത്തന്നത് വാസ്തവത്തിൽ റിപ്പോർട്ട് പരിഗണിക്കുന്ന സമയത്താണ് എടുക്കുക. അങ്ങനേ എടുക്കാവൂ. ഇന്ന് സമർപ്പണ സമയത്ത് എടുക്കുകയില്ല. എടുക്കാൻ പാടില്ല. അതുശരിയല്ല. അങ്ങ് പറയുന്നത് ലെജിസ്ലേഷനെക്കുറിച്ചായിരിക്കും. അതിവിടെ പറയാൻ പാടില്ല. ആ റിപ്പോർട്ട് നാളയേ പരിഗണിക്കുകയുള്ളൂ. ആ സമയത്ത് അങ്ങുൾപ്പെടെയുള്ള ആർക്കായാലും സമയം അനുവദിക്കും. മാത്രമല്ല അതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ ഇതിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല. ഞാൻ പറഞ്ഞത് റിപ്പോർട്ട് ഇന്ന് പ്രസന്റ് ചെയ്യുകയാണല്ലോ. അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ റിപ്പോർട്ട് പരിഗണിക്കുക....

മി. സ്പീക്കർ : അങ്ങ് ഉന്നയിക്കുന്ന കാര്യമുൾപ്പെടെയുള്ള കാര്യം നാളെ ചർച്ചചെയ്യുന്ന സമയത്തെടുക്കാം. ... പ്രസന്റേഷൻ ലീഗലാണോ